ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ബഹുമാനപ്പെട്ട ലേബർ മിനിസ്റ്ററുമായി ആലോചിച്ച് അത് ചെയ്യാം. ഒരു കമ്മിറ്റിയെ വയ്ക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതു സംബന്ധിച്ച് പറയുകയുണ്ടായി, ഉടൻതന്നെ വയ്ക്കാം.

(2) തോട്ടം തൊഴിലാളികളുടെ സേവന-വേതന കരാർ പുതുക്കൽ

ശ്രീ. പി. ജെ. ജോയി: സർ, കേരളത്തിലെ ലക്ഷക്കണക്കിനുവരുന്ന തോട്ടം മേഖലയിലെ തൊഴിലാളികളുടെ സേവന-വേതന കരാർ പുതുക്കി നിശ്ചയിക്കണം എന്നുള്ളതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. കരാറിന്റെ കാലാവധി കഴിഞ്ഞിട്ട് രണ്ട് വർഷം പിന്നിട്ടിരിക്കുകയാണ്. ഇടക്കാലത്തുണ്ടായ പ്രതിസന്ധിയുടെ പേരിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി കൂടി വേതനം വർദ്ധിപ്പിക്കേണ്ടതു സംബന്ധിച്ച് തീരുമാനം യഥാസമയം എടുത്തില്ല. പ്ലാന്റേഷൻ ലേബർ കമ്മിറ്റി കൂടിയാണ് ഡി.എ. കാര്യത്തിലുള്ള ചർച്ചയും അതിനെ തുടർന്നുള്ള തീരുമാനങ്ങളും എടുക്കുന്നത്. കൂലി വർദ്ധനവ് അതാത് സമയത്ത് ഉണ്ടാകത്തക്ക വിധത്തിൽത്തന്നെ നടപടികളുമായിട്ട് മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. രണ്ടു വർഷം പിന്നിട്ടിട്ടും പി.എൽ.സി. ഈ വിഷയം ചർച്ച ചെയ്തില്ല എന്നുള്ള ഗുരുതരമായ പ്രശ്നമാണ് നിലനിൽക്കുന്നത്. തോട്ടം മേഖലയിൽ പ്രതിസന്ധിയുണ്ടെന്നുള്ള കാരണംകൊണ്ടുമാത്രം തൊഴിലാളികൾക്ക് അർഹമായി കിട്ടേണ്ട വേതന വർദ്ധനവ് ലഭിക്കാതിരിക്കുന്നത് നീതിയല്ല. തോട്ടം മേഖലയിലെ എല്ലാ സെക്ടറുകളിലും അങ്ങനെയുള്ള പ്രതിസന്ധിയില്ല. റബ്ബറിനാണെങ്കിൽ റെക്കോർഡ് വിലയുണ്ടായിരിക്കുന്ന കാലഘട്ടമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന തോട്ടം മേഖല റബ്ബറാണ്. ആ സെക്ടറിൽപ്പോലും തേയിലയുടേയും കാപ്പിയുടേയും പേരുപറഞ്ഞ് വേതന വർദ്ധനവ് നടപ്പാക്കാതിരിക്കുകയാണ്. തേയിലയുടെ കാര്യത്തിൽ ഈ വലിയ പ്രതിസന്ധി എങ്ങനെയുണ്ടായി. വാണിജ്യകാര്യ പാർലമെന്ററി സമിതി കേരളത്തിൽ വന്ന് വിലയിരുത്തിയത് അത് ഉണ്ടാക്കിയ പ്രതിസന്ധി ആണെന്നാണ്. കേരളം, പശ്ചിമ ബംഗാൾ, ആസാം തുടങ്ങിയ സംസ്ഥാനങ്ങളിൽ തേയിലയുണ്ട്. പക്ഷേ, കേരളത്തിൽ മാത്രം ഇത്ര രൂക്ഷമായ പ്രതിസന്ധി എങ്ങനെയുണ്ടായി? യഥാർത്ഥത്തിൽ ഇത് കയറ്റുമതിക്കാരും ലേലം ചെയ്യുന്ന ഏജന്റുമാരും മനഃപ്പൂർവ്വമുണ്ടാക്കിയ പ്രതിസന്ധിയാണ്. ആ പ്രതിസന്ധി കേരളത്തിൽ പല സന്ദർഭങ്ങളിലും രൂക്ഷമായി പലരും എസ്റ്റേറ്റുകൾ പൂട്ടി. അതിനുശേഷം തോട്ടംഭൂമി തുണ്ടുതുണ്ടായി വിൽക്കാനുള്ള ശ്രമമുണ്ടായി. കേരളത്തെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും അറയാവുന്ന ഒരു കാര്യമുണ്ട്. കേരളത്തിൽ എവിടെയെങ്കിലും പ്രശ്നം വന്നാൽ തൊഴിലാളികളുടെ കൂലി വെട്ടിക്കുറയ്ക്കുക, അവർക്ക് ദോഷമുണ്ടാക്കുന്ന തീരുമാനങ്ങളെടുക്കുക എന്നത്. തേയിലയ്ക്കും റബ്ബറിനും മറ്റെല്ലാ ഇനങ്ങൾക്കും നല്ല വില കിട്ടിക്കൊണ്ടിരുന്ന സന്ദർഭത്തിൽ കൂലി കൂട്ടിക്കൊടുത്തില്ല. അന്നാരും കൂലി കൂട്ടിക്കൊടുക്കാൻ ശ്രമിച്ചില്ല. തേയിലത്തോട്ടങ്ങളിൽ അങ്ങനെ കൂലി വർദ്ധിപ്പിക്കാൻ ഇപ്പോൾ ബുദ്ധിമുട്ടാണെങ്കിൽ, അത് മാറ്റിവച്ചുകൊണ്ട് പിന്നീട് കൊടുക്കത്തക്ക വിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കരാർ ഉണ്ടാക്കണം. മറ്റ് പല സംസ്ഥാനങ്ങളിലും Defferred Wages എന്ന പേരിൽ തീരുമാനം ഉണ്ടാകുന്നുണ്ട്. റബ്ബറിന്റെ കാര്യത്തിൽ, ഏറ്റവും കൂടുതൽ വില കിട്ടുന്ന സെക്ടർ എന്നുള്ള നിലയിൽ അവർക്കിപ്പോൾത്തന്നെ കൂലി വർദ്ധിപ്പിച്ച് നൽകാനുള്ള തീരുമാനം ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി പി.എൽ.സി-യുടെ യോഗം വിളിച്ചുകൂട്ടി മാനേജുമെന്റ് കോടതിയിൽ പോകാത്ത വിധത്തിൽ നോട്ടിഫിക്കേഷനിലൂടെ കൂലി വർദ്ധനവ് പ്രായോഗികമാക്കത്തക്ക നിലയിലുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട ജോയി ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. തോട്ടം മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ കൂലി പുതുക്കുന്നതിന് നിശ്ചിതമായ ഒരു വ്യവസ്ഥയില്ല. അതാണ് അതിനകത്തെ പ്രശ്നം. ഇതുവരെയുള്ള സ്ഥിതി എന്നുപറഞ്ഞാൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം ചർച്ച ചെയ്ത് ഒരു ധാരണയുണ്ടാക്കി, ആ ധാരണ പി.എൽ.സി.-യുടെ തീരുമാനമായി ഗവൺമെന്റിന് നൽകുമ്പോൾ ഗവൺമെന്റ് അത് മിനിമം വേജസായിട്ട് നോട്ടിഫൈ ചെയ്യണം. ഇതാണ് ഇപ്പോഴുള്ള വ്യവസ്ഥ. പി.എൽ.സി.-യിൽ മാനേജുമെന്റുകൾക്കും തൊഴിലാളികൾക്കും, എല്ലാവർക്കും സ്വീകാര്യമായ ഒരു പൊതുധാരണയുണ്ടാക്കി ഗവൺമെന്റിൽ വരുമ്പോൾ മാത്രമേ അത് നോട്ടഫൈ ചെയ്യാൻ പറ്റൂ. അല്ലാതെ മിനിമം വേജസ് ഫിക്സ് ചെയ്യാനോ സേവന വേതന വ്യവസ്ഥ ഫിക്സ് ചെയ്യാനോ ഒരു സ്ഥിരം സംവിധാനം ഗവൺമെന്റിൽ ഇല്ല. ഇക്കഴിഞ്ഞ ആറ് മാസത്തിനിടയ്ക്ക് 8 പ്രാവശ്യം പി.എൽ.സി. മീറ്റിംഗ് കൂടി. പക്ഷേ ഒരു പൊതുധാരണയിൽ എത്താൻ പറ്റുന്നില്ല. കഴിഞ്ഞ വേതന കാലാവധി തീർന്നയുടനെ തന്നെ മാനേജുമെന്റുകൾ നോട്ടീസ് കൊടുത്തു. ഇന്നത്തെ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ പുതിയ കരാറനുസരിച്ച് വേതനം കൊടുക്കാൻ ഞങ്ങൾ തയ്യാറല്ല എന്നു പറഞ്ഞുകൊണ്ടാണ് അവർ നോട്ടീസ് കൊടുത്തത്. കരാറിന്റെ കാലാവധി അവസാനിച്ചിരിക്കുന്നു. അതുകൊണ്ട് ഇത് ബാധകമല്ല എന്ന് നോട്ടീസ് കൊടുത്തപ്പോൾ തന്നെ പി.എൽ.സി.-യിൽ ചർച്ച ചെയ്തു. തേയിലയുടെയും റബ്ബറിന്റെയും ഗുരുതരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് ആ രണ്ട് മേഖലയിലും ഉയർന്ന ഡി.എ. (ഇനി കൂട്ടുന്ന ഡി.എ.) കൊടുക്കേണ്ടതില്ലെന്ന ഒരു പൊതു തീരുമാനമെടുത്തു. അത് എല്ലാവരും അംഗീകരിച്ചു. അത് അനുസരിച്ച് കാര്യങ്ങൾ പോയി. അതിനുശേഷം റബ്ബറിന്റെ വില വർദ്ധിച്ചപ്പോൾ പി.എൽ.സി.-യിൽ വീണ്ടും ഈ പ്രശ്നം ചർച്ചയ്ക്ക് വന്നു. കഴിഞ്ഞ ഒക്ടോബർ മാസം മുതൽ മുൻകാല പ്രാബല്യത്തോടുകൂടി റബ്ബർ മേഖലയിലെ തൊഴിലാളികൾക്ക് ഡി.എ. കുടിശ്ശിക നൽകണമെന്ന് പി.എൽ.സി. തീരുമാനിച്ചു. പി.എൽ.സി.-യുടെ ഈ തീരുമാനത്തെ മാനേജുമെന്റുകൾ ഇപ്പോൾ ഹൈക്കോടതിയിൽ ചോദ്യം ചെയ്തിരിക്കുകയാണ്. ഞാൻ ആദ്യമേ പറഞ്ഞു, പി.എൽ.സി.-യിൽ ഒരു പൊതു ധാരണയിൽ എത്തിയാലെ ഗവൺമെന്റിന് നോട്ടിഫൈ ചെയ്യാൻ പറ്റുമെന്ന്. അതിനുശേഷം പലതവണ പി.എൽ.സി.-യിൽ ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ചർച്ചകൾ നടന്നു. ചർച്ചകൾ നടന്നിട്ടില്ല എന്നുപറഞ്ഞത് ശരിയല്ല. ലേബർ മിനിസ്റ്റർ എന്നുള്ള നിലയിൽ ഞാൻ തന്നെ പങ്കെടുത്തുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി പല തവണ എന്റെ സാന്നിദ്ധ്യത്തിൽ ചർച്ച നടന്നു. പി.എൽ.സി.-യിൽ ഞാൻ അംഗമല്ല. സർക്കാർ സ്ഥാപനങ്ങളിൽ എല്ലാംതന്നെ ഡി.എ. വിതരണം ചെയ്തുകഴിഞ്ഞു. സ്വകാര്യ മേഖലയിൽ ഇനിയും ചില കമ്പനികൾ നടപ്പിലാക്കിയിട്ടില്ല. അത് നടപ്പിലാക്കാൻ അവർ നിർബന്ധിതരാണ്. കൂടിശ്ശിക സഹിതം അത് കൊടുത്തേ മതിയാകൂ. തേയിലയുടെ വിലയുടെ കാര്യത്തിൽ കുറച്ച് ഇംപ്രൂവ്മെന്റ് വന്നിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ മാസം തന്നെ 15-ാം തീയതിക്ക് ശേഷം പി.എൽ.സി. മീറ്റിംഗ് വിളിക്കുന്നുണ്ട്. അനൗപചാരികമായി അവരുടെ മാനേജുമെന്റുമായി ഞാൻ ചർച്ച നടത്തി. മാനേജുമെന്റിനോട് ഇതിന്റെ ഗൗരവം പറഞ്ഞ് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. പി.എൽ.സി.-യിൽ ഒരു തീരുമാനമെടുത്ത് സേവന-വേതന വ്യവസ്ഥകൾ പുതുക്കേണ്ടതിന്റെ ആവശ്യകത അവരെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. അടുത്തു കൂടുന്ന പി.എൽ.സി.-യിൽ ഇതിനെക്കുറിച്ച് ഒരു ധാരണയിലെത്താൻ കഴിയുമെന്നാണ് പ്രതീക്ഷ.

<u>ശ്രീ. പി. ജെ. ജോയി:</u> ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ഒരു പൊതു ധാരണയിൽ എത്താതെ ഗവൺമെന്റിന് നടപടി എടുക്കാൻ സാധിക്കില്ലെന്ന് പറഞ്ഞു. ഇവിടെ ഒരു പ്രീസിഡന്റുണ്ട്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് തൊഴിൽ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഇതുപോലെ ഒരു ധാരണയിലെത്താൻ പറ്റാത്ത ഒരു സാഹചര്യം വന്ന സന്ദർഭത്തിൽ ബന്ധപ്പെട്ട പി.എൽ.സി. യോഗം വിളിച്ചുകൂട്ടി അതിനുശേഷം കോടതിയിൽ പോകാൻ പഴുതില്ലാത്ത വിധത്തിൽ ചില തീരുമാനങ്ങളെടുത്ത് ഗവൺമെന്റ് നോട്ടിഫൈ ചെയ്ത് കൂലി വർദ്ധനവിന്റെ ഉത്തരവിറക്കി. അങ്ങനെ ഒരു സാഹചര്യം വന്നാൽ ഗവൺമെന്റ് പ്രീസിഡന്റ് അനുസരിച്ച് നോട്ടിഫൈ ചെയ്ത് കൂലി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ബാബു ദിവാകരൻ:</u> പി.എൽ.സി.-യിൽ ധാരണയുണ്ടായതിന് ശേഷം മാത്രമെ തീരുമാനിക്കാൻ സാധിക്കൂ. .....(ബഹളം)..... പി.എൽ.സി.-യിൽ ധാരണയില്ലാതെ വരുന്ന സാഹചര്യമുണ്ടായാൽ ഗവൺമെന്റിന് അങ്ങനെ നോട്ടിഫൈ ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കാം. അങ്ങനെ കഴിയുമെന്നുണ്ടെങ്കിൽ നോട്ടിഫൈ ചെയ്യാൻ പ്രശ്നമില്ല. പക്ഷേ നോട്ടിഫൈ ചെയ്തതുകൊണ്ട് മാത്രം കാര്യമില്ല. നോട്ടിഫൈ ചെയ്താൽ ഇത് കൊടുക്കണ്ടേ? കൊടുക്കണമെങ്കിൽ അവർ കൂടി സമ്മതിക്കണം. അതാണ് പ്രശ്നം. ഏതെങ്കിലും വിധത്തിൽ അതിന് നിയമപരമായിട്ടുള്ള സാദ്ധ്യതയുണ്ടെങ്കിൽ അത് തീർച്ചയായിട്ടും നോട്ടിഫൈ ചെയ്യാം. പിന്നെ ഇവിടെ ശ്രീ. ജോയി ചൂണ്ടിക്കാണിച്ച തേയിലയിലും മറ്റും ഇപ്പോൾ ഉണ്ടായിട്ടുള്ള വർദ്ധനവ് പരിഗണിച്ച് വേതനം പുതുക്കി കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ അത് ഡെഫേർഡ് വേജസാക്കി മറ്റ് സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ നമുക്ക് ഇവിടെയും ചെയ്യാനാകുമോ എന്നും പരിശോധിക്കാം.